**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **02-02-2026 - ൽ മറുപടിയ്ക്ക്**

**2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തണ്ടങ്കല്ല് ഊരുകളിലെയും കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ് ഊരിലുമുള്ള ആദിവാസി കുടുംബങ്ങൾ ഇപ്പോഴും പ്ലാസ്റ്റിക് ഷീറ്റിനുള്ളിൽ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിൽ 2019 ൽ ഉണ്ടായ പ്രളയത്തിൽ പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിലെ വാണിയംമ്പുഴ ഉന്നതിയിലെ 30 കുടുംബങ്ങളും, തരിപ്പപ്പൊട്ടി ഉന്നതിയിലെ 17 കുടുംബങ്ങളും, തണ്ടൻകല്ല് ഉന്നതിയിലെ 31 കുടുംബങ്ങളും, കരുളായി ഗ്രാമ പഞ്ചായത്തിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിലെ 78 കുടുംബങ്ങളും വീടുകളിൽ വെള്ളം കയറി വാസയോഗ്യമല്ലാതായി തീർന്നതിനാൽ ഉന്നതികളിൽ നിന്നും മാറിതാമസിച്ചു. |
| (ബി) | ഇവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | വനാവകാശ നിയമം 2006 പ്രകാരം ഭൂമി അനുവദിക്കപ്പെട്ട ഉന്നതികളാണ് മേല്പറഞ്ഞവ. പ്രളയത്തെത്തുടർന്നു ഉന്നതി നിവാസികൾ പലരും മാറി താമസിച്ച സ്ഥലത്തു തന്നെ ഭൂമി മതിയെന്ന് ആവശ്യപ്പെട്ടതും ചില കുടുംബങ്ങൾ കൂടുതൽ ഭൂമി വേണം എന്ന് ആവശ്യപ്പെട്ട കേസ് നൽകിയതും പുനരധിവാസം നീണ്ടുപോകാൻ കാരണം ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ